**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **04-02-2026 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ ബോർഡ് പദ്ധതികളുടെ ബജറ്റ് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2021-22 മുതൽ 2025–2026 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ വകയിരുത്തിയ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശം നൽകുമോ; | (എ) | **അനുബന്ധം എ ആയി ചേർക്കുന്നു.** |
| (ബി) | സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ നാളിതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ വിദേശ ഉപരിപഠനത്തിനുള്ള സോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകളിൽ നിന്നും യോഗ്യരായ 21 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും 105 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതിക്ക് 1,25,649 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും 1884.735 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. IITs/IIM/ IISc/ IMSc സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകളിൽ നിന്നും യോഗ്യരായ 33 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും 16.5 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ 2025-26 സാമ്പത്തിക വർഷം മുതൽ CDIT വികസിപ്പിക്കുന്ന പുതിയ പോർട്ടൽ മുഖേന അപേക്ഷകൾ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും , പോർട്ടൽ സജ്ജീകരിച്ച് ഓഡിറ്റ് പൂർത്തികരിച്ച് ഡിസംബർ 20-ാം തീയതിയോടുകൂടി സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് , പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, സിവിൽ സർവ്വീസ് ഫീറീഇംബേഴ്മെന്റ് സ്കീം, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്, സി.എം റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോറിട്ടീസ് എന്നിവയുടെ അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുകയും ഫണ്ട് വിതരണം ഫെബ്രുവരി ആദ്യ വാരം തന്നെ നടത്തുന്നതുമാണ്. |
| (സി) | ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന്റെ കീഴിൽ വിവിധ പദ്ധതികൾക്കായി 2025-26 ലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 2025 ഡിസംബർ 31 വരെയുള്ള വിനിയോഗ ശതമാനം എത്ര; വിശദാംശം നൽകുമോ; | (സി) | **അനുബന്ധം ബി** ആയി ചേർക്കുന്നു. |
| (ഡി) | ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച മുഴുവൻ തുകയും 2026 മാർച്ച് 31 നകം വിനിയോഗിക്കുവാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച മുഴുവൻ തുകയും 2026 മാർച്ച് 31 നകം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം എ

| വർഷം | പ്ലാൻ | |
|---|---|---|
| | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
| 2021-22 | 1240353000 | 1087752362 |
| 2022-23 | 760100000 | 313639667 |
| 2023-24 | 760100000 | 199583941 |
| 2024-25 | 981970000 | 424434764 |
| 2025-26 | 1056300000 | 240909343 |

സെക്ഷൻ ഓഫീസർ

**അനുബന്ധം ബി**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 1 | ഇംബിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി | 500 | 81.5 | 16.3 |
| 2 | CA/CMA/CS-സ്കോളർഷിപ്പ് | 97 | 16.5 | 17.01 |
| 3 | കരിയർ ഗൈഡൻസ് പരിപാടികൾ | 120 | 54.23 | 45.19 |
| 4 | ഐ.ടി.ഐ ഫീസ് റീഇംബേഴ്സ്മെന്റ് | 582 | 62.54 | 10.75 |
| 5 | ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | 714 | 105.61 | 14.79 |
| 6 | മദർ തെരേസ സ്കോളർഷിപ്പ് | 68 | 0 | 0 |
| 7 | എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് | 82 | 0 | 0 |
| 8 | പ്രീമാരിറ്റൽ കൗൺസലിംഗ് | 50 | 0 | 0 |
| 9 | ന്യൂനപക്ഷ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം | 10 | 0 | 0 |
| 10 | പ്രധാൻമന്ത്രി ജൻ വികാസ് കാരിക്രം PMJVK (സംസ്ഥാന വിഹിതം) | 4000 | 0 | 0 |
| 11 | വകുപ്പ് ആധുനികവൽക്കരണം | 40 | 26.64 | 66.61 |
| 12 | മാർഗദീപം പ്രീ-മെട്രിക് സ്കോളർഷിപ്പ് | 2000 | 1895.08 | 94.75 |
| 13 | വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി | 500 | 0 | 0 |
| 14 | സി.എം. റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ് | 600 | 0 | 0 |
| 15 | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ ഷെയർ ക്യാപിറ്റൽ പദ്ധതി | 1200 | 167 | 13.91 |
| | | 10563 | 2409.1 | 22.80 |

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.ഐ.സി. പോർട്ടൽ സാങ്കേതിക പിന്തുണ നൽകാതിരുന്ന സാഹചര്യത്തിലാണ് ഈ സാമ്പത്തിക വർഷം സ്കോളർഷിപ്പ് സംബന്ധിച്ച നടപടികൾ വൈകിയത്. ഇതേ തുടർന്ന് സംസ്ഥാന സർക്കാർ സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ സോഫ്റ്റ് വെയർ രൂപീകരിച്ചാണ് തുടർപ്രവർത്തനങ്ങൾ നടത്തിയത്.

സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള തുക ഫെബ്രുവരി മാസം ആദ്യവാരം വിതരണം ചെയ്യും. പി.എം.ജെ.വി.കെ. പദ്ധതികൾക്ക് 2023-ന് ശേഷം കേന്ദ്രം തുക അനുവദിച്ചിട്ടില്ല. സംസ്ഥാന കേന്ദ്ര വിഹിതങ്ങളായി 40 കോടി രൂപ വീതം 2022-23 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

(signature)

**സെക്ഷൻ ഓഫീസർ**